കഥ

# പമ്പയയാറൊഴുകുന്ന നാട്ടിൽ

ജോൺ ഇളമത.

ആച്ചിയമ്മ മുട്ട അടവെച്ചു വിരിച്ച ഇരുപത്തിമൂന്ന് കോഴിക്കുഞ്ഞുങ്ങളിൽ ശേഷിക്കുന്നത ്,അമ്മു എന്ന് എൻെറ അമ്മ പേരിട്ടുവിളിക്കുന്ന ഞാനും,എൻെറ സഹോദരനും മാത്രമാണ്പത്തനംതിട്ട ജില്ലയിലെ കടപ്രമാന്നാർ എന്ന ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്.അമ്മയോടൊപ്പം ഞങ്ങൾ ,പൂവരശുകളുടെ ഇടയിലൂടെ നടന്ന് വീടിൻെറ മുറ്റം കടന്ന് തൈത്തെങ്ങളുടെ ഇടയിലൂടെ പമ്പാനദിക്ക രയിൽ എത്തിയപ്പോൾ തുള്ളിച്ചാടി.നുരഞ്ഞ് വെള്ളിനൂൽകമ്പികളിളക്കി അലകളെ തീരത്തേക്കെ റിഞ്ഞൊഴുകുന്ന പുഴ.എന്തൊരു സന്തോഷം!

കൊക്കകോ,കൊക്കരക്കോ,കോ,കോ,കോ.......

ഞങ്ങളുടെ അമ്മ ആച്ചിയയമ്മയുടെ പിടക്കോഴി,അല്ലങ്കിൽ തള്ളയായ അടക്കോഴിയുടെ ശബ്ദമുയർത്തിയുള്ള താക്കീത്,ഞങ്ങൾക്ക്  മത്രം മനസ്സിലാകുന്ന താക്കീത്!

ഓടി ഒളിച്ചോ പുല്ലിനിടയിലും,ആറ്റുതീരത്തെ കരിമ്പിൻ കാട്ടിലും.ശബ്ദം ഞങ്ങൾ കേട്ടുതീരും മുമ്പ് മിഗ്വിമാനം പോലെ പറന്നു വന്ന പരുന്ത് ഞങ്ങളിലൊരാളെ റാഞ്ചി പറന്നു.നിലവിളി കൂട്ടിയതല്ലാതെ പാവം അമ്മക്കെന്തു കഴിയും!അങ്ങനെ ഒരോ ദിവസവും ഞങ്ങളിൽ ഒരോരുത്തർ അപ്രത്യക്ഷമായി.ഒടുവിൽ ഞങ്ങൾ മൂന്നു പേരവശേഷിച്ചു.മൂത്തവളായ അമ്മു എന്ന ഞാനും,എൻെറ നേരെഇളയ സഹോദരൻ അപ്പുവും,എൻെറ അമ്മ ലാളിച്ചു വളർത്തുന്ന ഏറ്റവും ഒടുവിലത്തെ കുഞ്ഞനിയത്തി കുഞ്ഞുമോളും.

അപ്പോഴാണ് ഇടിവെട്ടി മഴയാരംഭിച്ചത്.അമ്മ പറഞ്ഞു:-ഇടവപ്പാതിയാ സാരമില്ല ,ആച്ചിയമ്മ പൊടയരിതരും.ഓ,ഇനി കുറേക്കാലം പുറത്തിറങ്ങണ്ടാ.ഞങ്ങൾ മൂന്നേമൂന്നു പേരല്ലേ,അമ്മേടെ ചിറകിനടിയിൽ തിരക്കില്ല,കമ്പിളിപുതച്ച ചൂടും.വെജിറ്റേറിയനാണ് ഭക്ഷണമെ ങ്കിലും നശിച്ച പരുന്തിനെ ഭയക്കേണ്ടതിലല്ലോ!പക്ഷേ മഴ നിന്നില്ല,പെരുമഴ,എങ്ങും പ്രളയം! ആച്ചിയമ്മ ടിവിക്കു മുമ്പിലിരുന്നു വാർത്ത ഇടക്കിടെ ഉച്ചത്തിൽ വെച്ചു.എങ്ങൊക്കയോ ഉരുൾപൊട്ട ി.വീടും,മനുഷ്യരും ഒലിച്ചുപോയി.ഡാം തുറക്കുന്നു,ഇടുക്കി,മുല്ലപെരിയാർ,പിന്നെ എങ്ങാണ്ടൊക്ക യോ.എന്തിന്പറയട്ടെ.വീടിനു മുമ്പിലെ പമ്പ കലങ്ങി ഒഴുകി.ഉരുൾ പൊട്ടിയ ചെളിവെള്ളം.അതിലൂടെ ഒഴുകുന്ന കട പുഴകിയ മരങ്ങൾ,ചത്തമൃഗങ്ങൾ!മനുഷ്യരുണ്ടാകുമോ എന്നാരുകണ്ടു എന്ന് ആച്ചിയമ്മ അടക്കം പറേണകേട്ടു.

വീണ്ടും വീണ്ടും മഴ.നിലക്കാത്ത മഴ.ഓ,ആകാശം കിഴഞ്ഞു കിടക്കുകയാണോ ആച്ചിയമ്മ തലയിൽ കൈവെച്ച് പ്രാകി.ഭർത്താവ് മരിച്ച ആച്ചിയമ്മേടെ ഏക ആശ്രയമായിരുന്ന മകൻ കുട്ടപ്പായി പൊറപ്പെട്ട് പോയിട്ട് എവിടാന്ന് ഒരറിവുമില്ല.പെറംപോക്കിലെ പത്തുസെൻറിൽ പഞ്ചായത്ത് വെച്ചുകെകാടുത്ത ഓടിട്ട രണ്ടുമുറി പുരയിൽ ഒന്ന് പശു തങ്കമ്മയുടേയും,ഞങ്ങളുടൈയും വാസ്ഥലമാണ്.വെള്ളം കയറി കയറി മുറയിൽ എത്തിയപ്പോൾ ആച്ചിയമ്മ ഞെട്ടി,എന്തൊരു വെള്ളപ്പൊക്കം,മലയാളമാസം തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കത്തിൻെറ കഥ,ആച്ചിയമ്മേടമ്മ പറഞ്ഞു കേട്ടിട്ടുള്ളതായി ആച്ചിയമ്മ ആണ്ടിലാണ്ടിൽ വെള്ളംപൊങ്ങുമ്പേൾ അയൽക്കാരോട് പറയുന്നത് എൻെറ അമ്മ കേട്ടിട്ടൊണ്ടന്ന് ഞങ്ങളോട് പറഞ്ഞു.അതെന്തോരു വെള്ളമാരുന്ന്!അന്ന് തറവാട്ടി സമ്പത്തൊണ്ടാരുന്നു,പിന്നെ വലിയ കെട്ടുവള്ളോം.വെള്ളംപൊങ്ങി പൊങ്ങി പെരേടൈമേളി വന്നപ്പം കെട്ടുവള്ളത്തിക്കഴിഞ്ഞു ഒരാഴ്ച,നോഹിൻെറ പെട്ടകം പോലെ!ഇന്നോ പരിഷ്ക്കാരം വന്നു.ഒരുത്തനും വള്ളമിലല്ല.തൊണ്ണൂറ്റമ്പതിലേപ്പോലെ ഇപ്പോ വെള്ളംവന്നാ എല്ലാഅവനും ചത്തുതൊലേം!

അത് സംഭവിച്ചു തൊണ്ണൂറ്റൊമ്പതിനെ കടത്തിവെട്ടി.തുള്ളിക്കൊരുകുടമെന്ന കണക്കിനു മഴ.പനയന്നാറു കാവിലെ യക്ഷിപോലെ കലക്കവെള്ളം പതഞ്ഞൊഴുകുന്ന പമ്പ! ഗ്രാമത്തിലാക്കെ മൈക്കികൂടെ അനൗൺസ്മൻറ്! "ജനങ്ങൾ ഒഴിഞ്ഞു ദുരിതാശ്വാസക്യാമ്പിലേ ക്ക് പോകണം,പോകാത്തവരെ ബലമായി കൊണ്ടുപോകാൻ സർക്കാർ നിർദ്ദേശിക്കുന്നു.ഇടുക്കിഡാം

തുറന്നു വിടുന്നു,ജലസംഭരണിക്കു താങ്ങാനാവാതെ പമ്പ കരകവിഞ്ഞ് കടപ്രേം,മാന്നാറും,നിരണോം ഒക്കെ കഴുത്തറ്റംവെള്ളത്തി മുങ്ങാമ്പോണു"!

ആച്ചിയമ്മ കണ്ണുതുടച്ചുതേങ്ങി:- ഞാനെങ്ങും പോകാംപോണില്ല,എൻെറ തങ്കമ്മേ ഉപേക്ഷിച്ച്,അവളു ഒമ്പതാം മാസം ചന എറക്കി നിക്ക്വാ,അവളുപോയാ ഞാനെങ്ങനെ ജീവിക്കും. പഞ്ചായത്തീന്ന് വായ്പ എടുത്തു വാങ്ങിച്ച പശുവാ!അപ്പോ ആച്ചിയമ്മ ഞങ്ങളെ തഴഞ്ഞു.തള്ള അടക്കോഴി പറഞ്ഞു ങാ,സാരമില്ല പെരപ്പൊറത്തു കൂടാം,ഒഴുക്കത്തുവരുന്ന പുഴുവിനേം കൊത്തിതിന്ന്.

ചുരുക്കത്തി വെള്ളം മിനിട്ടുവെച്ചു പൊങ്ങി.വീടിനകത്ത് അരയറ്റം വെള്ളം. ആച്ചിയമ്മ നിലവിളിച്ചു:- ഞാനെങ്ങും പോണില്ലേ, ഒമ്പതാംമാസം ചന എറക്കി നിക്കുന്ന തങ്കമ്മപ ശൂനേം വിട്ട്!ഒടുവി അരയറ്റത്തീന്നും വെള്ളം വീണ്ടുംപൊങ്ങി,ആച്ചിയമ്മേടെ നിലവിളീം പൊങ്ങി:-ചുമ്മാ പറഞ്ഞതാണേ ആരലും വന്നൊന്ന് രക്ഷിക്കണെ,എനിക്കു ജീവൻ മതിയേ!!ആച്ചിയമ്മേടെ നിലവിളി ആ വഴി രക്ഷാപ്രവർത്തനുവുമായി വന്ന കടലിൻെറ മക്കള് മത്സ്യതൊഴിലാളികള് കേട്ടു.അവർ വന്ന് ആ ച്ചിയമ്മേ വള്ളത്തേക്കേറ്റി കൊണ്ടുപോയി ദുരിതതാശ്വാസക്യാമ്പിലേക്ക്!

അപ്പോഴും വെള്ളം പൊങ്ങിക്കൊണ്ടിരുന്നു.പൊങ്ങിപൊങ്ങി പുരക്ക ുമുകളിലെത്തി.ഞങ്ങളും പുരയുടെ മേൽക്കൂരയിൽ തത്തിക്കയറി.തങ്കമ്മ പശൂൻെറ കാര്യം പറയേണ്ടതില്ലല്ലോ,പാവം വെള്ളത്തിമുങ്ങി പിടഞ്ഞുപിടഞ്ഞു ചത്തിരിക്കും.ഒഴുക്കത്ത് കമ്പുകളിൽ ജീവരക്ഷാർത്ഥം വന്ന പുഴക്കളെയും,പഴുതാരകളെയും തിന്ന് ഞങ്ങൾ വിറച്ച് പുരമുകളിൽ കഴിഞ്ഞു കൂടിയിരിക്കവേ അതു സംഭവിച്ചു.ആറ്റീന്നും കുത്തനെവന്ന ഒറ്റഒഴുക്ക്! ആ ഒഴുക്കിൽ എൻെറ അമ്മയും,അമ്മയുടെ ചിറകിനടിയിൽ ഒളിച്ച ഇളയ സഹോദരി കുഞ്ഞുമോളും എങ്ങോട്ടോ ഒഴുകിപോയി.ഞാനും എൻെറ സഹോദരനും കൈകോർത്ത് മരണം കാത്തുകിടന്നു.പെട്ടന്ന് ആരോ അയച്ച രക്ഷാകവചം കണക്കെ,രക്ഷാപ്രവർത്തനത്തിനിടെ ആച്ചിയമ്മയുടെ ഊരിപ്പോയ റബർ ചെരിപ്പ് ഒഴുകി ഞങ്ങളെ മുട്ടി.ഒരുവിധത്തിൽ ഞങ്ങൾ അതിൽ പിടഞ്ഞുകയറി.ഒരു റബർ വള്ളത്തിലെന്നപോലെ ഞങ്ങൾ ഒഴുകി നടന്നു.കിണറിനു മുകളിലൂടെ,തെങ്ങിൻ തോപ്പിലൂടെ ,പാടത്തിലൂടെ,ഒുവിലൊരു നിലക്കാത്ത പ്രവാവഹത്തിൻെറ നീരൊഴുക്കിൽ കടപ്ര മാന്നാർ ഗ്രാമംതന്നെ ഒന്നു ചുറ്റിക്കറങ്ങി.ദുരിതാശ്വാസം ഹെലികോപ്റ്ററിൽ ഇരുന്നു വീക്ഷിക്കുന്ന രാഷ്ട്രീയ നേതാക്കളെപ്പോലെ!ഇഷ്ടത്തിനൊത്തവണ്ണം ഭക്ഷണം ഞങ്ങളെ തേടിവന്നു,പുഴുവും,തേളും,ചിലന്തിയും പഴുതാരയും,ഇടക്കിടെ കൊച്ചു പരലുകളും.

ആ യാത്രിൽ പലതരം കാഴ്ചകൾ കണ്ടു.ഹൃദയഭേദകകാഴ്ചകൾ!ഒഴുക്കിൽ പെട്ട പട്ടിയെ രക്ഷിക്കുന്ന മനുഷ്യർ,ഒഴുക്കിൽ പെട്ട സ്ത്രീയെ രക്ഷിക്കുന്ന പട്ടികൾ.ഉയർന്ന പ്രദേശങ്ങളിലെ പള്ളികളും,അമ്പലങ്ങളും,മോസ്ക്കുകളും നിറയെ അഭയാർത്ഥികൾ,അവർക്കപ്പോൾ ജാതിയില്ല,മതമില്ല,ലിംഗമില്ല,അയിത്തമില്ല,ഒരമ്മ പെറ്റമക്കൾപേലെ.ഞാനോർത്തു:-ങാ,സാരമില്ല ,വെള്ളപ്പൊക്കം കഴിയുമ്പം പണ്ടത്തേപ്പോലായിക്കാളും!മറ്റൊരു കാഴ്ച്ച ടെറസ്സിൻെറ മുകളിൽ കുടുങ്ങിയ ഒരു ഗർഭിണിയെ ഒരു ഹെലികോപ്ടർ രക്ഷിക്കുന്നു,അവളുടെ ഒക്കത്ത് ഭയഭീതിയിൽ വാവിട്ടുകരയുന്ന മൂന്നുവയസ്സുകാരി.

എവിടയും ഫൈവർഗ്ലാസ് വള്ളത്തിൽ രക്ഷാപ്രവർനം നടത്തുന്ന കടലിൻെറ മക്കൾ!,ധീരന്മാർ അവർ അരയും തലയും മുറുക്കി പ്രവർത്തിക്കുന്നു,പ്രതിഫലേഛരമന്യേ!അവരാണ് യഥാർത്ഥ കൃസ്ത്യാനികൾ.മുക്കുവനായിരുന്ന പത്രോസിൻെറ പിൻഗാമികൾ,ദൈവത്തിൻെറ സ്വന്തം പുത്രന്മാർ,അവരുടെ നിക്ഷേപങ്ങൾ സ്വർഗ്ഗത്തിലേറട്ടെ.

സാവധാനം വെള്ളം താണു.വീണ്ടും ഞങ്ങൾ ഒഴുകി വീടിൻെറ മുറ്റത്തെ വലിയ മാവിൻ കൊമ്പത്ത് ഞങ്ങളുടെ റബർ ചെരുപ്പുവള്ളം ഉടക്കി നിന്നു.സൂര്യൻ പ്രകാശിച്ചു. വെള്ളമിറങ്ങി പൂർണ്ണമായും.കട്ടിചെളിയും ഉണങ്ങാൻ തുടങ്ങി.പുരയുടെ സ്ഥാനത്ത് പൊളിഞ്ഞ കരിങ്കൽത്തറ മാത്രം.എല്ലാം എങ്ങോ ഒഴുകിപോയിരിക്കുന്നു,തങ്കമ്മപശു ഉൾപ്പടെ.

ആച്ചിയമ്മ തിരിച്ചു വന്നു,ദുരിതാശ്വാസക്യാമ്പീന്ന്,തല്ലി അലച്ചു!ഞാനും,സഹോദരൻ അപ്പവും ആച്ചിയമ്മെയെ ആശ്വസിപ്പാക്കാനെന്നോണം താഴേക്കു പറന്ന് ആച്ചിയമ്മയുടെ പാദത്തിൽ ചുംബിച്ചു.ആച്ചിയമ്മ ഞങ്ങളെ കാലുകൊണ്ട് തോണ്ടിയെറിഞ്ഞ് വലിയ വായിൽ നിലവിളിച്ചു:-എൻെറ എല്ലാം പോയെ,തങ്കമ്മപശുവും എൻെറവീടും!

ഞാൻ ഓർത്തു അല്ലേലും ആർക്കും വേണ്ടത്തവരാ ഞങ്ങൾ,ചെറിയ രണ്ടു കോഴികുഞ്ഞുങ്ങൾ,അങ്ങനെയാ എപ്പോഴും ചെറിയവരടെ കാര്യം!അപ്പോ ഞങ്ങടെ മുൻവശത്തെ ചെളീകൂടെ രണ്ടു മാന്യന്മാര് ഡാൻസ്കളിച്ച് നടന്ന്, ഒരുവൻ ഉറക്കെ പറേണകേട്ടു:-ഇനിയാ പകർച്ചവ്യാധീം,ക്ഷാമോം വരാമ്പോണെ,അത് കഴിഞ്ഞ് നാടിൻെറ പുനർനിർമ്മാണം!അതിനാ

മുഖ്യമന്ത്രീടെ ദുരിതാശ്വാസനിധി!,അതിന് കഴിയാത്ത വിദേശി മലയാളി ഒക്കെ അവരോരടെ ഗ്രാമത്തി എന്തേലുമൊക്കെ സഹായം ചെയ്യട്ടെ!

അപരൻ പറേന്നകേട്ടു:– കേട്ടോ കറിയാച്ചാ മറ്റൊരു കൃതി:–മന്ത്രിമാരോരുത്തര് വിദേശത്തോട്ട് പോകുന്നു,ദുരിതാശ്വാസം വർദ്ധിപ്പിക്കാൻ!

കേട്ടോ ലോന്നാച്ചാ,അതിനാത്തു വലിയ ലോജിക്കില്ല.കൊടുക്കാനുള്ള വിദേശി ഒക്കെ കൊടുത്തു,ഇനീം ഒള്ളപോക്ക് അടിച്ചുപൊളിക്കാനാ!

കറിയാച്ചൻ പറഞ്ഞു:–എങ്കിലും ആരെങ്കിലുമൊക്കെ കാണും,മന്ത്രിമാരകൂടെ നന്ന് ചെക്കേ പിടിച്ച് ഫോട്ടോ എടുക്കാൻ ഇതുവരെ അവസരം കിട്ടാതിരുന്നോര്!!